(ഡി) ഈ രംഗത്ത് തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് പ്രത്യക്ഷമായി പ്രയോജനം ചെയ്യുന്ന പദ്ധതികൾക്ക് രൂപം നൽകുമോ ;

(ഇ) കൈത്തറി തുണികൾ ഉൽപ്പാദിപ്പിക്കുന്നവർക്ക് നേരിട്ട് പ്രയോജനം ചെയ്യുന്ന പുതിയ ക്ഷേമ പരിപാടികൾ നടപ്പിലാക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) ഇല്ല. ഇത്തരം നടപടികൾക്കുള്ള നിർദ്ദേശം നൽകുന്നത് പ്രായോഗികമാണെന്ന് തോന്നുന്നില്ല.

(സി) കേരളത്തിൽ കൊണ്ടുവരുന്ന, തമിഴ്നാട്ടിലെ വില കുറഞ്ഞ കൈത്തറി തുണികൾക്ക് റിബേറ്റ് ആനുകൂല്യങ്ങൾ നൽകുന്നില്ല.

(ഡി&ഇ) തൊഴിൽ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം പരമാവധി ഒഴിവാക്കുന്നതിന് സഹായകരമായ രീതിയിലും കൈത്തറി തുണികൾ ഉൽപാദിപ്പിക്കുന്നവർക്ക് നേരിട്ട് പ്രയോജനം ചെയ്യുന്ന രീതിയിലുമാണ് കേന്ദ്ര സംസ്ഥാന പദ്ധതികൾ നടപ്പാക്കി വരുന്നത്.

തുറമുഖ വികസനത്തിനായി വിദേശ ഏജൻസിയിൽനിന്നും വായ്പ എടുക്കുന്നതിനുള്ള നടപടി

27 (*267) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖ വികസനത്തിനായി ഏതെങ്കിലും വിദേശ ഏജൻസിയിൽനിന്നും വായ്പ എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) തുറമുഖ വികസനത്തിനായി എന്തു തുക കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കേരളത്തിലെ തുറമുഖങ്ങളുടെ ശോചനീയമായ അവസ്ഥ കാരണം കപ്പലുകൾ തമിഴ് നാട്ടിലേക്ക് പോകുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) ഇല്ല.

(ബി) തുറമുഖ വികസനത്തിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും 2002-2003-ൽ 4,73,750 രൂപ ലഭിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ തുറമുഖങ്ങളുടെ ശോചനീയമായ അവസ്ഥ കാരണം കപ്പലുകൾ തമിഴ്നാട്ടിലേക്ക് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly